**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3351.**

22.08.2017 ൽ മറുപടിക്ക്

**കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക്**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.സി.മമ്മൂട്ടി :** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക് വഴി സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളെയും സ്ഥാപനങ്ങളെയും സംരംഭങ്ങളെയും പരസ്പരം ബന്ധിപ്പിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഈ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (ബി) കേരള ഫൈബർ ഒപ്റ്റിക്ക് നെറ്റ് വർക്ക് സംവിധാനം നടപ്പിലാക്കുന്നതിന് 18.05.2017-ൽ 1028.20 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഐ.ടി.മിഷൻ ടെക്നിക്കൽ കൺസൽട്ടന്റിനെ നിയമിക്കുകയും പദ്ധതിരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനായി പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (സി) ഇതുമൂലം ഉണ്ടാകുന്ന പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) കേരള ഫൈബർ ഒപ്റ്റിക്ക് നെറ്റ് വർക്കിലൂടെ ഒരു സംസ്ഥാനതല ഒപ്റ്റിക്കൽ ഫൈബർ ശൃംഖല രൂപീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതി യിലൂടെ സംസ്ഥാനത്തെ 30,000-ത്തോളം വരുന്ന സർക്കാർ/വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഒപ്റ്റിക്കൽ ഫൈബർ കണക്റ്റിവിറ്റി നൽകുവാൻ സാധിക്കും. കൂടാതെ ടെലികോം/ഇന്റർനെറ്റ് സേവന ദാതാക്കൾക്ക് ഈ നെറ്റ് വർക്കിലൂടെ വിവിധ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുവാൻ സാധിക്കും. 20 ലക്ഷത്തോളം വരുന്ന പാവപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റും ഈ പദ്ധതിയിൽ |

ഉൾപ്പെടുത്തിയിട്ടുണ്ട്. വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് സർക്കാർ സേവനങ്ങൾ മെച്ചപ്പെടുത്തു വാനും അവ ജനങ്ങളുടെ അടുത്തേക്ക് വേഗത്തിൽ എത്തിക്കുവാനും കേരള ഫൈബർ ഒപ്റ്റിക്ക് നെറ്റ് വർക്ക് വഴി സാധിക്കും. സർക്കാരിന്റെ പ്രവർത്തന ക്ഷമത ഉയർത്തുവാനും ധനവിനിയോഗം മെച്ചപ്പെടുത്തു വാനും സാധിക്കും. കൂടാതെ പൊതുവിതരണ ശൃംഖല, സാമൂഹ്യക്ഷേമ പദ്ധതികൾ എന്നിവയുടെ കാര്യക്ഷമ മായ നടത്തിപ്പ് സാധ്യമാക്കും. ഡിപ്പാർട്ട്മെന്റുകൾ തമ്മിൽ വീഡിയോ കോൺഫറൻസ് വഴി ബന്ധിപ്പിക്കുക, സ്റ്റാർട്ട് അപ്പുകൾക്ക് പ്രോത്സാഹനം നൽകുക, പൊതുജനങ്ങൾക്ക് വിവരസാങ്കേതിക വിദ്യയിലധിഷ്ഠിതമായ സർക്കാർ സേവനങ്ങൾ സൗജന്യമായി ലഭ്യമാക്കുക, പൊതുസ്ഥലങ്ങളിൽ പബ്ലിക് വൈഫൈ സാധ്യമാക്കുക എന്നിവ ഈ പദ്ധതിയിലൂടെ പ്രാവർത്തികമാകും. വിദൂര സ്ഥലങ്ങളിലേക്ക് പോലും വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ടെലി ഹെൽത്ത് വഴി ലഭ്യമാക്കുവാനും ഐ.ടി പാർക്കുകൾ, എയർപോർട്ട് , സീപോർട്ട് മറ്റ് വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ആവശ്യമായ ഹൈസ്പീഡ് കണക്ടിവിറ്റി നൽകുവാനും കേരള ഫൈബർ ഒപ്റ്റിക്ക് നെറ്റ് വർക് വഴി സാധ്യമാകുന്ന താണ്.

സെക്ഷൻ ഓഫീസർ